moving on, lest it should tumble down. With these words I support the resolution of Mr. T. K. Nayar.

Mr. President: If it is the desire of the House that they should resume discussion on this resolution tomorrow morning after question time, I have no objection.

Mr. T. K. Nayar *(Palayannur):* Yes Sir. It is better.

Mr. President: The discussion of this resolution will be resumed tomorrow morning after question time. In the afternoon resolution No. 6 will be taken up for discussion.

Discussions of resolutions Nos. 4 and 5 postponed to the next day.

The House rose for lunch at 1 p.m. and re-assumbled at 2-30 p.m. with M. R. Ry. K. Ayyappan Avl., the Deputy President in the Chair.

6. Famine Relief Works

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, എന്റെ പ്രമേയം കൊച്ചീരാജ്യത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തെയൊ, ഏതെങ്കിലും ഒരു വിഭാഗത്തെയൊ മാത്രം ബാധിക്കുന്നതല്ല. നേരെമറിച്ച് കൊച്ചീരാജ്യം ഒട്ടുക്കു ബാധിക്കുന്ന തരത്തിലുള്ള ഒന്നാണ്. കയർ വ്യവസായത്തിന്റെ മാന്ദ്യംകൊണ്ട് ക്ഷാമം തെക്കൻ പ്രദേശങ്ങളിൽ ശക്തിയായിട്ടുണ്ടെന്നുള്ളതു് നിസ്തർക്കമായ സംഗതി ആണ്.

"കൊച്ചിരാജ്യത്തിൽ ഒന്നുകൊണ്ടല്ലെങ്കിൽ മറെറാന്നുകൊണ്ടു് ക്ഷാമം ബാധിച്ച എല്ലാ സ്ഥലങ്ങളിലും ക്ഷാമനിവാരണ പണികൾ ഏറ്റെടുത്തുവാൻ ഈ കൌൺസിൽ ഗവമ്മെണ്ടിനോടു ശുപാർശചെയ്യുന്നു". ഇതാണ് പ്രമേയം.

Mr. K. R. Viswambharan *(Ezhuvas-Talappalli):* On a point of order, Sir, I invite the Hon'ble President's attention to rule 41 of the Cochin Legislative Council Rules. That rule says.—

"Provided that no resolution shall be admissible which does not comply with the following conditions namely.—

(a) It shall be in the from of a specific recommendation addressed to the Government;

(b) It shall be clearly and definitely expressed and shall raise a definite issue;

(c) It shall not contain arguments, inferences, ironical expressions or defamatory statements, nor shall it refer to the conduct or character of persons except in their official or public capacity".

Now, in this particular case even the hon'ble member who moved the resolution is very vague as will be seen from the wording of the resolution "ഒന്നുകൊണ്ടല്ലെങ്കിൽ മറെറാന്നുകൊണ്ടു്". It shall be clearly and definitely expressed and shall raise a definite issue. Now he is not sure how the present state of affairs has existed and moreover it is argumentative in character. He argues his position by saying that "കൊച്ചീരാജ്യത്തു് ക്ഷാമം ബാധിച്ച എല്ലാ സ്ഥലങ്ങളിലും ക്ഷാമനിവാരണപണികൾ ഏറ്റെടുത്തുവാൻ ഈ കൌൺസിൽ ഗവമ്മെണ്ടിനോടു്"

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശചെയ്യുന്നു". Under these circumstances, I think that the resolution is not admissible.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇങ്ങിനെയുള്ള തക്കങ്ങളുടെ കാലമൊക്കെ കഴിഞ്ഞുപോയി. ഇങ്ങിനെയുള്ള സംശയങ്ങൾക്കിടയുണ്ടെങ്കിൽ ഗവണ്മെണ്ടു ഈ പ്രമേയം ബാലട്ടുചെയ്യുകയില്ലായിരുന്നു. ഗവണ്മെണ്ടിൽനിന്നു അങ്ങിനെ ചെയ്യുതിനുശേഷം ഇവിടെ ഇങ്ങിനെയുള്ള തക്കങ്ങൾ കൊണ്ടുവന്നാൽ അതുകൊണ്ടു പ്രയോജനമില്ല.

Mr. T. P. Poulose *(Kanayannur):* If the words "ഒന്നുകൊണ്ടല്ലെങ്കിൽ മറെറാന്നുകൊണ്ടു" are omitted will the resolution be all right according to the hon'ble member?

Mr. K. R. Viswambharan *(Ezhuvas-Talappalli):* When we are voting upon a resolution, the resolution must be correctly worded. We are now called upon to exercise our vote on a resolution which is *prima facie* not in order.

Mr. T. P. Poulose *(Kanayannur):* The recommendation is specific. The words "ഒന്നുകൊണ്ടല്ലെങ്കിൽ മറെറാന്നുകൊണ്ടു" are superfluous words at the most. The resolution is specific.

Mr. M. K. Devassy (*Adur):* It is very definite because although the causes of this "ക്ഷാമം" are detailed there, they do not form part of the kernel of the resolution. The resolution is with regard to the famine relief. The resolution says whether for one reason or other wherever there is famine you should find a remedy. The substantive portion of the resolution refers to famine and remedy, whatever be the causes. There can be nothing more definite than this. I think the point of order has no force.

Mr. A. B. Salem *(Mattancheri):* As regards the remedies there is no specific recommendation. The area is not definite. What is the kind of relief that should be given is not definite.

Mr. T. P. Poulose *(Kanayannur):* The area is the whole State.

Mr. A. B. Salem. *(Mattanchari):* Has the area been ascertained ? You import another thing that the Government must ascertain wherever they are. What are the different kinds of remedies? That also must be ascertained. I submit that the admission of this resolution is certainly an oversight or a mistake. We cannot criticise anything because it has already been admitted. But it is no reason why the House should not point out the indefiniteness and the noncompliance with the provisions. I think the hon'ble member Mr. Viswambharan was perfectly in order in pointing out the indefiniteness and the defects of the resolution according to the rules that have been laid down.

Deputy President: The recommendation contained in the resolution is a specific issue. There is no indefiniteness about it.

LIBRARY ARCHIVES Kerala Legislative Assembly

The words "ഒന്നുകൊണ്ടല്ലെങ്കിൽ മറെറാന്നുകൊണ്ട്" make it more definite. It means whatever be the reason relief works should be inaugurated. Therefore, I am of opinion that the resolution is in order.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കൊച്ചീ രാജ്യത്തിൽ തെക്കൻ പ്രദേശങ്ങളിലാണ് ദുർല്ലഭമായിട്ടാണെങ്കിലും ക്ഷാമനിവാരണജോലികൾ ചെയ്തിട്ടുള്ളത്. എന്നാൽ വടക്കൻ താലൂക്കുകളിൽ ക്ഷാമനിവാരണത്തിന്നു യാതൊരു വേലയും തുടങ്ങീട്ടില്ല. കൊച്ചികണയന്തൂർ താലൂക്കിനെപോലെതന്നെ കൊടുങ്ങല്ലൂർ താലൂക്കും കയർ വ്യവസായം ധാരാളം നടക്കുന്ന ഒരു പ്രദേശമാണ്. മുകുന്ദപുരം താലൂക്കിൽപ്പെട്ട ഇടവിലങ്ങ് വില്ലേജിൽ കയർ വ്യവസായം ധാരാളം നടത്തുന്നുണ്ട്. എന്നുമാത്രമല്ല അതുമാത്രമെ അവിടത്തെ ജനങ്ങൾക്കു ഉപജീവനത്തിന്നു ആശ്രയമുള്ളൂ. അതുപോലെ കരുപ്പടന്ന, വള്ളിവട്ടം, പടിയൂർ, എടതിരിഞ്ഞി, കൊടുങ്ങാകടവ്, മാങ്ങാട്ടുകര, മണലൂർ, തൃപ്രയാർ മുതലായി പല സ്ഥലങ്ങളിലും കയർ വ്യവസായംകൊണ്ടു കഴിയുന്ന അനവധി ജനങ്ങളുണ്ട്. ഈ സ്ഥലങ്ങളിൽ ഒന്നും യാതൊരു ക്ഷാമനിവാരണ ജോലിയും ഗവർമ്മേണ്ടു ചെയ്യുന്നില്ല. ഇതു കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കുറിച്ചാണ് ഞാൻ പറഞ്ഞതു്.

മറു സ്ഥലങ്ങളിൽ കൃഷിദോഷംകൊണ്ടും വെള്ളപ്പൊക്കംകൊണ്ടും മറും വളരെ ജനങ്ങൾ ക്ഷാമം ബാധിച്ചു കഷ്ടപ്പെടുന്നുണ്ട്. അതായതു, കരുവന്തൂർ പുഴയുടെ ഇരുഭാഗങ്ങളിലും ഉള്ള തൃശ്ശിവപേരൂർ — മുകുന്ദപുരം താലൂക്കുകളിൽപെട്ട പ്രദേശങ്ങൾ മുഴുവൻ എന്നതന്നെ പറയാം, കഴിഞ്ഞ വെള്ളപ്പൊക്കം മൂലം കൃഷിനശിച്ചും മറും ക്ഷാമം ബാധിച്ചിട്ടുണ്ട്. വിശിഷ്യ മനക്കോടി കായൽ എന്നാ ഏകർ കോൾകൃഷി കഴിഞ്ഞ കൊല്ലം ജലദൌർലഭ്യത്താൽ നശിക്കുകയാൽ കോൾകൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന നിരവധിജനങ്ങൾ ക്ഷാമബാധിതരായി കഷ്ടപ്പെടുന്നതിന്നു പുറമെ വെള്ളപൊക്കത്താൽ വിരിപ്പ്, മുണ്ടകൻ മുതലായ നെൽകൃഷികൾക്കും മാഹാളിക്കേടുമൂലം അടക്കകൃഷിക്കും വളരെ നാശം സംഭവിച്ചിട്ടുണ്ട്. അങ്ങിനെ അവിടത്തെ കർഷകർ ക്ഷാമബാധിതരായി വളരെ കഷ്ടപ്പെടുന്നുണ്ട്. ഇങ്ങിനെ എല്ലാ സ്ഥലങ്ങളിലും ബാധിച്ചിട്ടുള്ള ക്ഷാമത്തിന്നു മുഴുവനും പരിഹാരമുണ്ടാക്കുവാൻ ഗവർമ്മേണ്ടിനെക്കൊണ്ടു സാദ്ധ്യമല്ലെങ്കിലും എന്തെങ്കിലുമൊക്കെ സഹായം ചെയ്യാൻ ഗവർമ്മേണ്ടിനെക്കൊണ്ടു സാധിക്കുമെന്നു ഉത്തമ വിശ്വാസം കൊണ്ടാണ് ഈ പ്രമേയം മൂലം ഗവർമ്മേണ്ടിനോടു ഞാൻ അഭ്യർത്ഥിക്കുന്നതു്. ഇതിന്നു പണം എവിടെ നിന്നു കിട്ടും എന്നും മറുമുള്ള ചോദ്യം ഗവർമ്മേണ്ടിൽനിന്നുമുണ്ടാകാം. അതുകൊണ്ടു അതിന്നുള്ള നിർദ്ദേശം കൂടി ചുരുക്കമായിട്ടെങ്കിലും പറയാമെന്നു വിചാരിക്കുന്നു. പഞ്ചായത്തു ഡിസ്ട്രാക്ട്മെണ്ടിൽ കുറെ പണം ഓരോരോ പണികൾക്കായി നീക്കിവെച്ചിട്ടുണ്ട്. ആ പണം ക്ഷാമനിവാരണ പണികൾക്കായിട്ടു കൊച്ചികണയന്തൂർ താലൂക്കിൽ നടത്തിയപോലെ അതാതു വില്ലേജിലെ പണികൾ അതാതു വില്ലേജിൽ നടത്തിയാൽ ഈ ക്ഷാമത്തിന്നു കുറെയെങ്കിലും ഭേദം കിട്ടുന്നതാണ്. പിന്നെ തൃശ്ശിവപേരൂർ താലൂക്കിൽ കിഴപ്പിള്ളിക്കര വില്ലേജിൽ ക്ഷാമ നിവാരണ ജോലികൾക്കായി അയ്യായിരത്തോളം രൂപ നീക്കിവെച്ചിട്ടുണ്ടെന്നു ബഡ്ജറു സമ്മേളനത്തിൽ പ്രസ്താവിക്കയുണ്ടായെങ്കിലും അവിടെ യാതൊരു വേലയും ഇതുവരെ നടത്തീട്ടില്ല. മാത്രമല്ല നീക്കിവെച്ചിട്ടുണ്ടെന്നു പറഞ്ഞ സംഖ്യ എവിടെ, എങ്ങിനെ ചിലവുചെയ്യു എന്നും കൂടി അറിയുന്നില്ല. അവിടെ ക്ഷാമമില്ലെന്നു പിന്നിട്ടു ഭ്രമോദയമുണ്ടായതു കൊണ്ടാണൊ അതു വേണ്ടെന്നുവെച്ചതു് ? കരാഞ്ചി

LIBRARY ARCHIVES Kerala Legislative Assembly

റയിൽ ഒരു ലക്ഷത്തോളംരൂപ ചിലവുചെയ്യണ്ടാക്കിയ പാലത്തിന്നു തുടച്ചയായുള്ള ഇടുങ്ങിയ പഞ്ചായത്തു വഴിയുടെ പണിക്കായിട്ടായിരുന്ന 8000 ക. ക്ഷാമനിവാരണ പണിക്കെന്നപേരിൽ നീക്കി വെച്ചിരുന്നതെന്നാണറിവ്. ആ പഞ്ചായത്തു എടവഴിയുടെ പണി കഴിക്കാത്തിടത്തോളം കാലം ഒരു ലക്ഷം ഉറുപ്പിക ചിലവു ചെയ്ത് പണികഴിച്ച പാലംകൊണ്ടു യാതൊരു പ്രയോജനവുമില്ല. അതിനു ഒരയ്യായിരം രൂപാ ചിലവാക്കിയാൽ വാഹനങ്ങൾക്കു ഗതാഗത സൌകര്യം ഉണ്ടാകുന്ന ഒരു റോഡ് ഉണ്ടാക്കുന്നതിനു സാധിക്കും. ആ പണിഇപ്പോൾ നടത്തിയാൽ ഒരു ലക്ഷം രൂപാ ചിലവാക്കി പാലം പണിതതിന്റെ ഗുണവും തല്ക്കാലം സാധുക്കൾക്കു ക്ഷാമനിവാരണവുമാകും. ഇപ്പോൾ റിലീഫ് വക്കായി നടത്തുക ആണെങ്കിൽ അയ്യായിരം രൂപായിൽ കൂടുതൽ വേണ്ടിവരിക ഇല്ല. അതല്ലെങ്കിൽ ഷഡ്ഡം അനുസരിച്ച് നടത്തിയപോലെ നടത്തുന്നതാണെങ്കിൽ ആ പണിക്കു പതിനായിരം രൂപയിൽ കുറയാതെ വേണ്ടിവരും. അതിനാൽ ആ റോഡിന്റെ പണി ഇപ്പോൾതന്നെ നടത്തണം. ഗവമ്മേണ്ടിൽ നിന്ന വെള്ളപൊക്കക്കാലത്തു കരുവന്നൂർ, എട്ടുമന, പനങ്കുളം, പൊറത്തിശ്ശേരി, ഇഞ്ചമുടി, കുമ്പിലാവ്, മുതലായി വെള്ളപ്പൊക്കംകൊണ്ടു കഷ്ടപ്പെടേണ്ടതായി വന്ന സ്ഥലങ്ങളിൽ അരിവിതരണം ചെയ്കയുണ്ടായി. ഇങ്ങിനെ കൊല്ലംതോറും സംഖ്യ ചിലവു ചെയ്യാതെ ആ സംഖ്യകൊണ്ടു ആ സ്ഥലങ്ങളിൽ അത്യാവശ്യമുള്ള പണികൾ എന്തെങ്കിലും നടത്തുക ആണെങ്കിൽ അതുകൊണ്ടു ജനങ്ങളുടെ ക്ഷാമത്തിനു നിവാരണമുണ്ടാകുന്നതിനും അവരുടെ ആവശ്യം നിറവേറുന്നതിനും അതേ സമയം ഗവമ്മേണ്ടിനു ലാഭത്തിനും വഴിയുണ്ട്. വെളിയനാടു കോട്ടർ റോഡ് പണിനടത്തുന്നതിനു പണം സാങ്ഷനായിട്ടുള്ളതാണ്. മുളന്തുരുത്തി കല്ലൻ ചിറ റോഡിനുള്ള പണവും ഗവമ്മേണ്ടു് അനുവദിച്ചിട്ടുള്ളതാണ്. തൊന്നിക്കടം റോഡിനു മുപ്പത്തോരായിരം രൂപാ ഗവമ്മേണ്ടനുവദിച്ചിട്ടുള്ളതും റോഡ്ബോർഡ് പ്രോഗ്രാമിൽ പെടുത്തീട്ടുള്ളതുമാണ്. നടത്തോടു സ്കീം വന്നപ്പോൾ ആ പണിവേണ്ടെന്നു വെയ്ക്കുയും റോഡ്ബോർഡ് ആ സംഖ്യ വൈപ്പിൻ-പള്ളിപ്പുറം റോഡിനുവേണ്ടി ചിലവു ചെയ്യാൻ നിശ്ചയിക്കയുംചെയ്തു. എന്നാൽ ആ റോഡിനു അതിനേക്കാൾ കൂടുതൽ സംഖ്യ വരുമെന്നുള്ളതുകൊണ്ടു ആ പണിനടത്തീട്ടില്ല. അതുകൊണ്ടു ആ പണം ഒറിജിനൽ വക്കിനായിട്ടുതന്നെ എടുക്കേണ്ടതാണ്. ഒറിജിനൽ വക്കിനുവെച്ചിരിക്കുന്ന പണം മാറ്റി മറ്റൊന്നിനു ഉപയോഗിക്കാതെ ഒറിജിനൽ വക്കുതന്നെ നടത്തികൊള്ളണമെന്നു കമ്പളങ്ങി-ചെല്ലാനം റോഡുപണിക്കുള്ള സംഖ്യയുടെ സംഗതിയിൽ ഗവമ്മേണ്ടു് അനുഭവപ്പെട്ടുത്തുകയും ചെയ്തിട്ടുള്ളതാണ്. ആ സംഖ്യ ഇപ്പോൾ എന്തു ചെയ്യണമെന്നുപോലും ആലോചിക്കാതെ അങ്ങിനെതന്നെ വെച്ചിരിക്കുകയാണ്. റോഡുബോർഡിൽ തൃശ്ശിവപേരൂർ താലൂക്കിൽനിന്നു ഒരു മെമ്പറുമുണ്ടായിരുന്നില്ല. അതുകൊണ്ടാണെന്നു തോന്നുന്നു തൃശ്ശിവപേരൂർ താലൂക്കിൽ വേറെ പുതിയ പണികൾക്കൊന്നും പണം റോഡുബോർഡ് പ്രോഗ്രാമിൽ വക കൊള്ളിക്കാഞ്ഞതു്. തൃശ്ശിവപേരൂർ താലൂക്കിലേക്കു ഒറിജിനൽ വക്കിനു ബോർഡ് ആകെ ഈ സംഗതിക്കു 50,000 രൂപായെ അനുവദിച്ചിട്ടുള്ളൂ. മുറിച്ചൂർ, പുലാമ്പുഴ, ആൻറണിക്കുളം, പുത്തഞ്ചിറ മുതലായ റോഡുകളുടെ പണിയും ഉടനെ തുടങ്ങേണ്ടതു അത്യാവശ്യമാണ്. ആ ഓരോ പണിക്കു ആറേഴായിരം രൂപാ വീതം വേണ്ടിവരുമെന്നു ഗവമ്മേണ്ടിൽ നിന്നു നിർദ്ദേശിച്ചിട്ടും ഉണ്ട്. എന്നാൽ ആ പണികളും ക്ഷാമനിവാരണപണികളായി ഇപ്പോൾ നടത്തുക ആണെങ്കിൽ അയ്യിരത്തഞ്ഞൂറു രൂപാകൊണ്ടു തീർക്കാമെന്നാണ് തോന്നുന്നതു്. അതിൽ മുറിച്ചൂർ റോഡുപണി 2,800 ക. കൊണ്ടു തീർക്കാമെന്നും അദ്ദേഹം അതേല്ക്കാമെന്നും ബഹുമാനപ്പെട്ട അന്തിക്കാട്ടു മെമ്പർ ഗവമ്മേണ്ടിനെ വെല്ലുവിളിച്ചിട്ടുണ്ടെന്നകാര്യം കൂടി ഞാനോർമ്മിപ്പിക്കുന്നു. ഇങ്ങിനെ ചുരു

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയ സംഖ്യകൊണ്ട് ആ പണികൾ നടത്താമെങ്കിൽ, അതുമൂലം ജനങ്ങൾക്ക് എത്ര യോ ഉപകാരമാണ്: ഗവൺമെന്റിന്ന ആദായകരവുമാണ്.

ഇങ്ങിനെയുള്ള ചില നിർദ്ദേശങ്ങളാണ് എനിക്ക ഗവൺമെന്റിന നല്കാനു ള്ളത്. ഇങ്ങിനെയുള്ള പണികൾക്കായി ഭീമമായ സംഖ്യകൾ ഗവൺമെന്റിൽ നിന്ന അനുവദിച്ചു കിടപ്പുണ്ട്. അതൊക്കെ ഇപ്പോൾ ഫാമിൻറിലീഫ് വർക്കുസ രിച്ചു നടത്തുന്നപക്ഷം ജനങ്ങൾക്ക വലിയ ഉപകാരമാകുന്നതിനു പുറമെ ചുരു ങ്ങിയ സംഖ്യകൊണ്ട് ഗവൺമെന്റിന ആ പണികൾ തീർക്കുന്നതിനും സാധിക്കും. ഈ പ്രമേയം വാദപ്രതിവാദത്തിനു ഇടയില്ലാത്തതും എല്ലാ സ്ഥലത്തേയും ഒരു പോലെ ബാധിക്കുന്നതുമായ ഒന്നാണ്. ഈ കാര്യം നമ്മൾ നടപ്പിൽ വരുത്തണം. പഞ്ചായത്തിലും പി.ഡബ്ലിയു.ഡി.യിലും മറ്റും ഓരോ പണികൾക്കായി ബഡ്ജറിൽ അനുവദിച്ചിട്ടുള്ള പണം ഈ ക്ഷാമനിവാരണ ജോലികൾ എന്ന നിലയിൽ ഉടനെ പണി നടത്തുന്നതിനു ഉപയോഗിച്ചാൽ മതി. ഇതെല്ലാം പറഞ്ഞുകൊണ്ടും, അനു ദ്യോഗസ്ഥപക്ഷത്തുനിന്ന കൊണ്ടുവന്നിരിക്കുന്ന ഒരു പ്രമേയമായതുകൊണ്ട് എതി ക്കാതിരിക്കുന്നതു മര്യാദ അല്ലെന്ന ഉദ്യോഗസ്ഥ പക്ഷത്തിനു തോന്നാമെങ്കിലും ഈ കാര്യത്തിൽ അങ്ങിനെ ചെയ്കയില്ലെന്ന വിശ്വസിച്ചുകൊണ്ടും ബഹുമാനപ്പെട്ട മിനിസ്റ്റരും ചീഫ് എഞ്ചിനീയരും ഈ സംഗതിയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്ന വിശ്വസിച്ചുകൊണ്ടും ഈ നിയമസഭയുടെ അംഗീകരണത്തിനായി ഞാൻ ഈ പ്ര മേയം ഇവിടെ അവതരിപ്പിക്കുന്നു.

മിസ്റ്റർ വി. ജെ. മത്തായി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. അതോടുകൂടി ഒന്നരണ്ടു തെറ്റിദ്ധാരണകളും നീക്കേണ്ടതായിട്ടുമുണ്ട്. ചകിരി വ്യവ സായമുള്ള ദിക്കിൽ മാത്രമേ ക്ഷാമമുള്ളു എന്ന പറയുന്നതു ശരിയല്ല. എന്റെ അ റിവിൽ പെട്ടിടത്തോളം പറയുകയാണെങ്കിൽ ഗ്രാമനിവാസികളുടെയിടയിൽ എ പ്പോഴും ക്ഷാമമാണുള്ളതു. ദിവസംപ്രതി രണ്ടുനേരം ഭക്ഷണം കഴിക്കുന്നവർ ഗ്രാ മങ്ങളിൽ വളരെ കുറവാണ്. ചകിരി വ്യവസായമുള്ളിടത്തു മാത്രമേ ക്ഷാമമുള്ളു, മറ്റുള്ളിടത്തു, അതായതു കിഴക്കൻ പ്രദേശങ്ങളിൽ, ക്ഷാമമില്ല എന്ന പറയുന്നതു തെറ്റാണ്. ചില സമയത്തു മാത്രമേ കൊച്ചി രാജ്യത്തു ക്ഷാമമുള്ള എന്ന പറ യുന്നതും ഒരു തെറ്റിദ്ധാരണയായിട്ടെ ഞാൻ കരുതുന്നുള്ളു. കൊച്ചീരാജ്യത്തു എ പ്പോഴും ക്ഷാമമാണ്. പ്രത്യേകിച്ചും ഗ്രാമീണരുടെയിടയിൽ എപ്പോഴും ക്ഷാമമാണ്. കൊയ്ത്തുകാലത്തു പകുതി വയറും അല്ലാത്തപ്പോൾ കാൽ വയറും മാത്രമെ നിറ യ്ക്കുവാൻ ഗ്രാമീണർക്കു സാധിക്കുകയുള്ളു. ഉൾഗ്രാമങ്ങളിലെ ക്ഷാമനിവാരണത്തി നായിട്ട പല പണികളും ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരികയും ചിലതു ഗവൺമെന്റു അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഗവൺമെന്റിൽനിന്നും ഇപ്പോൾ ഓരോ ദിക്കിലേക്കു അനുവദിച്ചിട്ടുള്ള പൊതു മരാമത്തുപണികൾ ഉടനെ ആരംഭിക്കുന്നതായാൽ അതാതു ദിക്കുകളിലുള്ളവർക്കു ഒരു കാതലായ രക്ഷയായിരിക്കും. അതുകൊണ്ട് ആ പണികൾ ഉടനെ എടുത്താൽ കൊള്ളാമെന്നാണ് എനിക്കുള്ള അപേക്ഷ. എന്റെ പ്രദേശത്താണെങ്കിൽ വെളി യനാട്-തോട്ടർ റോഡും മുള്ളുരുത്തി-കോലഞ്ചേരി റോഡും ഗവൺമെന്റിൽനിന്നും അനുവദിച്ചിട്ടുള്ളതാണ്. ഇവയുടെ പണി തുടങ്ങിയാൽ ആ നാട്ടിലെ ജനങ്ങൾക്കു വലിയൊരു രക്ഷയായിത്തീരും. അതുകൊണ്ടു ഗവൺമെന്റു ഈ കാര്യത്തിൽ ഉടനെ ദൃഷ്ടിപതിപ്പിച്ചു ഈ രണ്ടു റോഡും ഉടനെ എടുത്തു പണി നടത്തുമെന്ന ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: സർ, ഈ പ്രമേയത്തെ സംബന്ധിച്ച് കാര്യമായിട്ട് എനിക്ക് പറയാനുള്ളതെല്ലാം അവതാരകൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. പക്ഷെ അവതാരകന്ന് വലിയൊരു തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. ആ ധാരണ തിരുത്തുക മാത്രമാണ് ഞാൻ ചെയ്യുന്നത്. അദ്ദേഹം പറഞ്ഞപോലെ അനുദ്യോഗസ്ഥപക്ഷത്തുനിന്നും ഇവിടെ കൊണ്ടുവരുന്ന എല്ലാ പ്രമേയങ്ങളേയും ഉദ്യോഗസ്ഥപക്ഷം എതിർക്കണമെന്നില്ല. ഉദ്യോഗസ്ഥപക്ഷത്തുനിന്ന കൊണ്ടുവരുന്ന പലതും ഇവിടെ നാം പാസ്സാക്കി കൊടുക്കാറുണ്ടല്ലോ. അങ്ങിനെയുള്ള ഒരു പാരമ്പര്യം നിലനിൽപ്പോരുന്ന കൌൺസ്സിലാണിത്. നിയമസഭയോട് ചോദിക്കാതെചെയ്യുന്ന കാര്യത്തിനുള്ള ഇന്നലെയുണ്ടായ പ്രധാനമായ ധനാഭ്യർത്ഥനയെ ഒരു ലജിസ്ലേറ്റീവ് അസംബ്ലിയും അനുവദിച്ചുകൊടുക്കാറില്ല. അതുകൂടി ഇവിടത്തെ അനുദ്യോഗസ്ഥപക്ഷം അനുവദിച്ചിരിക്കെ അനുദ്യോഗസ്ഥപക്ഷത്തുനിന്നും കൊണ്ടുവരുന്ന പ്രമേയത്തെ ഉദ്യോഗസ്ഥപക്ഷം എതിർക്കും എന്നുള്ള ധാരണ ശരിയല്ല. അതുകൊണ്ട് ആ ധാരണ നീക്കണമെന്നാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്.

ഗവണ്മെൻറിൽനിന്നും അനുവദിച്ചുകിടപ്പുള്ള പല പണികളും ചെയ്യുന്നീക്കുവാനുണ്ട്. ഞാൻ കഴിഞ്ഞതവണതന്നെ വള്ളിവട്ടം മുതലായ പ്രദേശങ്ങളിലെ ക്ഷാമത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. അവിടത്തെ ക്ഷാമനിവാരണത്തിനായിട്ട് എന്തെങ്കിലും പണി നടത്താമെന്നും ഗവണ്മെൻറ് പറഞ്ഞിട്ടുണ്ട്. എന്നാൽ മുകുന്ദപുരം താലൂക്കിൽ കാട്ടർ-കാക്കത്തുരുത്തി റോഡ് റോഡ്ബോർഡ് പ്രോഗ്രാമിൽ പെട്ടതും ഫ്രഫ്രന്റ്-ൽതന്നെ അതു പൂർത്തീകരിച്ചുകൊള്ളാമെന്നു ഗവണ്മെൻറ് ഏറ്റിട്ടുള്ളതുമാണ്. ആ പണി തുടങ്ങിയാൽ ആ പ്രദേശങ്ങളിലേക്ക് വലിയൊരു രക്ഷയാകുന്നതാണ്.

പിന്നെ ക്ഷാമനിവാരണത്തിന്ന് പ്രധാനമായ ഒരു മാർഗ്ഗമായി കരാഞ്ചിറ പാലത്തിന്ന് ഉപയോഗിക്കത്തക്കനിലയിൽ ഒരു വഴി പണിയാവുന്നതാണ്. ഒരു ലക്ഷം ഉറുപ്പിക ഗവണ്മെൻറ് ചിലവുചെയ്ത് കരാഞ്ചിറ ഒരു പാലം ഉണ്ടാക്കീട്ട് അതു് ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന്ന് ഒരു റോഡുണ്ടാക്കുവാൻ അയ്യായിരം ഉറുപ്പിക ഗവണ്മെൻറിന്റെ കയ്യിൽ ഇല്ലെങ്കിൽ അതു പൊളിച്ചുകളയുവാനുള്ള ഒരു പണി ഗവണ്മെൻറിനുണ്ടാക്കിക്കൂടെ? വാസ്തവത്തിൽ വളരെ നാളായി കരാഞ്ചിറയിൽ പാലം ഉണ്ടാക്കീട്ട്. ഈ റോഡില്ലെങ്കിൽ ആ പാലംകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ എന്നൊന്ന് ആലോചിക്കേണ്ടേ എന്നാണ് ഞാൻ ഗവണ്മെൻറിനോട് ചോദിക്കുന്നത്. ആ പാലത്തിന്റെ ഗുണം ശരിക്കുണ്ടാകണമെങ്കിൽ അയ്യായിരം ഉറുപ്പിക ചിലവുചെയ്ത് ഒരു റോഡുണ്ടാക്കണം. അതുകൊണ്ട് ഈ വക ചില്ലറക്കാര്യങ്ങളിൽ ഗവണ്മെൻറിന്റെ ദൃഷ്ടി പതിപ്പിക്കണമെന്ന് അപേക്ഷിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

മിസ്റ്റർ ബി. എം. പീറർ: സർ, ഞാൻ ഈ പ്രമേയത്തോടനുകൂലിക്കുന്നു. ഈ പ്രമേയത്തിന്റെ അവതാരകൻ ഇവിടെ അവതരിപ്പിച്ച കാര്യങ്ങളും ഒക്കെ ചെയ്യേണ്ടതുതന്നെയാണ്. എന്നാൽ കൊച്ചിയുടെ തെക്കെവശത്തിൽ മാത്രമാണ് ഗവണ്മെൻറ് കൂടുതൽ പണം ചിലവിടുന്നതെന്ന പറഞ്ഞതു് തീരെ തെറ്റാണ്. തെക്കൻ പ്രദേശങ്ങളിൽ ചിലവാക്കിയപോലെ വടക്കൻ പ്രദേശങ്ങളിലും ചിലവാക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെ ക്ഷാമനിവാരണത്തിന്ന് ഒരു പൈയും ചിലവാക്കീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. എം. പിറർ: എന്നാൽ തെക്കൻ പ്രദേശങ്ങളിൽ ചിലവാക്കീട്ടുള്ള സംഖ്യ ആ പണികൾക്കായി മുമ്പുതന്നെ അനുവദിച്ചിട്ടുള്ളതാണ്. അല്ലാതെ ക്ഷാമനിവാരണത്തിനുവേണ്ടി പ്രത്യേകിച്ച് യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ല. ഇന്നത്തെ ഈ ക്ഷാമത്തിന് പെട്ടെന്നൊരു പരിഹാരമുണ്ടാക്കുക എന്നുള്ളതു് സാദ്ധ്യമല്ല. എന്നാൽ ഈ കാര്യത്തെക്കുറിച്ച് ക്രമങ്ങളായാലോചിച്ചാൽ പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കാവുന്നതാണ്. കൊച്ചിയുടെ തെക്കൻ പ്രദേശങ്ങളിലാണ് സാധാരണയിൽ അധികം ക്ഷാമം എന്നു മനസ്സിലാക്കാൻ നിങ്ങളുടെ ദൃഷ്ടികൾ അവിടത്തെ ആശുപത്രികളിലേയ്ക്കാണു തിരിച്ചാൽ മതി. അവിടെ കാണുന്ന രോഗികളിൽ അധികവും ഡിസൻറി രോഗികളാണ്. ആഹാരം ശരിയായി കഴിയ്ക്കാൻ സാധിക്കാത്തതുകൊണ്ട് ഡിസൻറി രോഗം പിടിച്ച് കഷ്ടപ്പെടുന്നവരാണ് അധികം പേരും. ആ രോഗത്തിന് "സിറം" എന്നു ഒരു മരുന്ന് കുത്തിവെയ്ക്കുകയാണ് ചെയ്യുന്നതു്. എന്നാൽ രോഗികളുടെ ക്രൂരതൽകൊണ്ട് ആശുപത്രിയിൽ സിറം തീർന്നുപോയി എന്നാണ് ഡോക്ടർമാർ പറയുന്നതു്. ഇതുകൊണ്ടുതന്നെ മനസ്സിലാക്കാം ക്ഷാമം ബാധിച്ചിരിക്കുന്നതു് എവിടെ ആണ് അധികം എന്ന്. കൊച്ചിരാജ്യത്തൊട്ടാകെ ക്ഷാമമുണ്ടെന്നു പറയുന്നതിനോട് ഞാനും യോജിക്കുന്നുണ്ട്. പക്ഷെ ചില സ്ഥലങ്ങളിൽ ക്രൂരതൽ ക്ഷാമമുണ്ട്. അങ്ങിനെയുള്ള സ്ഥലങ്ങളിലാണ് ചീഫ് എഞ്ചിനീയരും ദിവാൻജിയും മിനിസ്റ്ററും മറ്റും സന്ദർശനം നടത്തിയതും അവിടങ്ങളിലെ ക്ഷാമത്തിൻെറ കാഠിന്യം മനസ്സിലാക്കിയതും. അങ്ങിനെ ഏതാനും പണികൾ അവിടെ ചെയ്തിട്ടുണ്ട്. അതിനിയും ഉദാസീനതയില്ലാതെ തുടരുന്നതിന് ഞാൻ ഗവൺമെണ്ടിനോട് അപേക്ഷിക്കുകയും ചെയ്യുന്നു.

തെക്കൻ പ്രദേശങ്ങളിൽ ചകിരി വ്യവസായമാണ് ക്രൂരതൽ. കൊച്ചി ഹാർബറിലെ കയറ്റുമതിയിൽ ചായ കഴിഞ്ഞാൽ പിന്നെ ക്രൂരതൽ കയറിനാണ് സ്ഥാനം. ഏകദേശം ൭൫ ലക്ഷം രൂപയുടെ ചരക്കാണ് ഇവിടെനിന്നു വിദേശങ്ങളിലേക്ക് കയറിപ്പോകുന്നതു്. അതിൽ അധികഭാഗവും സാധുക്കളുടെ കയ്യിൽ തന്നെയാണ് വന്നുചേരുന്നതു്. ൭൫ ലക്ഷം രൂപയിൽ ൪൦ ലക്ഷവും ചില്ലറക്കച്ചവടക്കാരുടെ ഇടയിൽതന്നെയാണ് വന്നുചേരുന്നതു്. ഇന്ന് കച്ചവടമാന്ദ്യം മൂലം ഈ ൪൦ ലക്ഷവും കിട്ടാതേയും അങ്ങിനെ ആ സാധുക്കൾ ഒക്കെ പട്ടിണി കിടക്കുന്നതിനും ഇടയായിട്ടുണ്ട്. തോട്ടക്കാരുടെ മെമ്പർ പറഞ്ഞു, കിഴക്കൻ പ്രദേശങ്ങളിലും ക്ഷാമമുണ്ടെന്ന്. അവിടേയും ക്ഷാമമുണ്ടാകാം. പക്ഷെ തീരപ്രദേശങ്ങളിലെപ്പോലെ അവിടെ ക്ഷാമം ബാധിച്ചിരിക്കുകയില്ല. അവിടെ പലതരത്തിലുള്ള ഉപജീവനമാർഗ്ഗങ്ങളുണ്ട്. എന്നാൽ പടിഞ്ഞാറൻ പ്രദേശങ്ങളിൽ അങ്ങിനെയല്ല. അവിടത്തെ ജനങ്ങൾ മുഴുവൻ ചകിരി വ്യവസായത്തെ അടിസ്ഥാനപ്പെടുത്തി ജീവിക്കുന്നവരാണ്. കയർ വ്യവസായം ഇല്ലാതായതോടുകൂടി അവിടത്തെ ജനങ്ങൾ വളരെ കഷ്ടപ്പെട്ടുതുടങ്ങി. ഇതിനെന്തെങ്കിലും ഒരുപശാന്തി വേണം. ഇതാണിന്ന് ഗവൺമെൻറ് ചെയ്യാനുള്ള അത്യാവശ്യ സംഗതി. ഇതു് ബാക്കിയുള്ള കാര്യങ്ങളെപ്പോലെ നീട്ടിക്കൊണ്ടുപോകാനുള്ള സംഗതി അല്ല. ഏതെല്ലാം തരത്തിൽ ഇതിന് പരിഹാരമുണ്ടാക്കാമോ അതൊക്കെ ചെയ്യുകതന്നെ വേണം. രോഗം വന്നിട്ട് ഔഷധം കൊടുത്തു് പ്രതിവിധി കാണ്മാൻ കാത്തിരിക്കുന്നതിലും നല്ലതു് രോഗം വരാനുള്ള പരിതഃസ്ഥിതിയിൽനിന്ന് അവരെ രക്ഷിക്കയാണ്. അവരെ രക്ഷിക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതിന് വൈകിയാൽ ഇന്നുള്ളതിൽ മൂക്കാൽ ഭാഗം ജനങ്ങളും ഇല്ലാതെയാകുന്നതാണ്. അതുകൊണ്ട് ഈ സഭയിലെ എല്ലാ മെമ്പർമാരോടും ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുന്നതിന് യോ

LIBRARY ARCHIVES Kerala Legislative Assembly

ജിച്ചു പ്രവൃത്തിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: മിസ്റ്റർ പ്രസിഡണ്ട്, സർ, മിസ്റ്റർ പണിക്കർ ഇവിടെകൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ കൊച്ചീസംസ്ഥാനത്തു് ഇപ്പോൾ കൂടുതൽ ക്ഷാമംബാധിച്ചിട്ടുള്ളതിന്റെ പ്രധാനകാരണം യുദ്ധമാണു്. മിസ്റ്റർ പീറർ പറഞ്ഞതുപോലെ ഏതാണ്ടു ഒരു ഭീമമായ സംഖ്യക്കുള്ള കയർ ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളിലേക്കു പോയിക്കൊണ്ടിരുന്നു. എന്നുതന്നെയല്ല, ഈ കയർ വ്യവസായംകൊണ്ടു് നമ്മുടെ രാജ്യത്തെ തൊഴിലാളികൾ മുഖേന പലസാധനങ്ങളുമുണ്ടാക്കി, അതായതു് കയറുപായ, ചവുട്ടി, കയർ, ആലാത്തു് മുതലായി പലസാധനങ്ങളുമുണ്ടാക്കി, വിദേശങ്ങളിലേക്കു അയച്ചുകൊണ്ടിരുന്നു. എന്നാൽ ഈ യുദ്ധം കാരണം ഈ വ്യവസായം നശിച്ചുമാതിരിതന്നെയായിട്ടുണ്ടു്. യുദ്ധം നിറുത്തി ഇതിനൊരു പരിഹാരമുണ്ടാക്കാമെന്നുവെച്ചാൽ അതിനു നമുക്കു സാദ്ധ്യമല്ല. പക്ഷെ ഈ യുദ്ധം നിറുത്തുന്നതുവരെ ഈ വ്യവസായത്തെ പണ്ടുനടന്നപോലെ നടത്തുവാൻ സാധിച്ചില്ലെങ്കിലും ഏതെങ്കിലും രീതിയിൽ ഈ തൊഴിൽകൊണ്ടു ജീവിച്ചിരുന്നവരെ രക്ഷിക്കുവാനായി എന്തെങ്കിലും ചെയ്യുകയൊ അല്ലെങ്കിൽ ഇവിടെ പറഞ്ഞമാതിരി ക്ഷാമനിവാരണത്തിനായിട്ടുള്ള പണികൾക്കായി ഗവണ്മെൻറ് ബഡ്ഡറിൽ കൊള്ളിട്ടുള്ള സംഖ്യ ഒട്ടും താമസിക്കാതെ ആ വിഷയത്തിലേക്കു ചിലവാക്കുകയൊ ചെയ്താൽ ക്ഷാമംമൂലം ബാധിച്ചിട്ടുള്ള കഷ്ടതക്കു ഒരു പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്നാണു് എനിക്കു തോന്നുന്നതു്. കൊടുങ്ങല്ലൂർ താലൂക്കിൽ മേത്തല, എടവിലങ്ങു്, അഴീക്കോടു്, കാര മുതലായ പ്രദേശങ്ങളിലെ അധികം പേരും കയർ വ്യവസായംകൊണ്ടു ജീവിച്ചുപോന്നിരുന്നവരാണു്. ആ ദിക്കുകളിൽ ഈ വ്യവസായം തീരെനിന്നമാതിരിയാണു് കാണുന്നതു്. അവിടെ ഏതെങ്കിലും പണികൾക്കു് ഗവണ്മെൻറ് അനുവദിച്ചിട്ടുള്ള സംഖ്യ ഈ അവസരത്തിൽ അവിടെ വിനിയോഗിക്കുന്നതായാൽ അതു് അവിടങ്ങളിലെ ക്ഷാമത്തിനു കൊറച്ചൊരു പരിഹാരമുണ്ടാകുന്നതാണു്. എന്നാൽ ഇതുകൊണ്ടുമാത്രം ക്ഷാമത്തിനു് ഒരു പരിഹാരമാകയില്ല. ഗവണ്മെൻറിൽനിന്നും ഈ വ്യവസായം നടത്തുവാൻ പ്രത്യേകമായിട്ടു വല്ലതും ചെയ്താൽ ഏറ്റവും നല്ലതു അതായിരിക്കും.

പൊതുമരാമത്തിനെക്കുറിച്ചു പറകയാണെങ്കിൽ കൊടുങ്ങല്ലൂരിൽപെട്ട അഴീക്കോടുവില്ലേജിൽ ഒരു പാലം വളരെ മോശനിലയിൽ ആയിട്ടുണ്ടു്. വളരെ ആളുകൾ നിത്യവും ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്ന ഒരു പാലമാണിതു്. ആ പാലം ഇപ്പോൾ പൊളിഞ്ഞുവീണിരിക്കുന്ന സംഗതി ചീഫ് എഞ്ചിനീയരുടെ ദൃഷ്ടിയിൽ പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. ആ പാലത്തിന്റെ പണി ആരംഭിച്ചു കാണുന്നില്ല.

മിസ്റ്റർ ടി. പി. പൌലോസ്സ്: പാലംപണികൊണ്ടു ആളുകൾക്കു ക്ഷാമനിവാരണമാകുമൊ?

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: കുറച്ചാളുകൾക്കെങ്കിലും ഇതുകൊണ്ടുപണിയുണ്ടാകും. പിന്നെ ഇതുപോലെ പടാകുളം റോഡിന്റെ പണിയുണ്ടു്. അവിടെ ഒരു റോഡില്ലാത്തതുകൊണ്ടു് അവിടെയുള്ളവർ വളരെ കഷ്ടപ്പെടുന്നുണ്ടു്. ആ റോഡിന്റെ കാര്യം പലപ്രാവശ്യവും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നിട്ടുള്ളതാണു്. ഇതുകൊണ്ടു കയർവ്യവസായത്തിൽപെട്ട കുറെ ആളുകൾക്കു പണികിട്ടും. കുറേപേർക്കുവേണ്ടി ഏതെങ്കിലും വിധത്തിൽ കുറച്ചു സംഖ്യയുണ്ടാക്കി ഈ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും നടത്തണമെന്നാണു് എനിക്കു് ഗവമ്മെൻറിനോടപേക്ഷിക്കുവാനുള്ളതു്. മിസ്റ്റർ മത്തായി പറയുകയുണ്ടായി രണ്ടുനേരം കഞ്ഞികുടിക്കുവാൻ വകയില്ലാതെ ആളുകൾ കഷ്ടപ്പെടുന്നു എന്നു്. എന്നാൽ ഇവിടെയുള്ളവക്കു ഒരു നേരം കൂടി കഴിക്കുവാൻ സാധിക്കാതെ കഷ്ടപ്പെടുന്ന സംഗതി എനിക്കറിയാം. അവിടെയുള്ളവരുടെ കഷ്ടപ്പാടു കണ്ടിട്ടു ഞാൻ ഒരു മാസം ആ ദിക്കിൽ കഞ്ഞിവെച്ചു കൊടുക്കയുണ്ടായി. ആ കഞ്ഞിവാങ്ങിക്കുവാൻ സാധാരണ പുറത്തുപോകാത്ത ആളുകളും കൂടിവന്നു എന്നുപറഞ്ഞാൽ ആ ദിക്കിൽ എത്രത്തോളം ബുദ്ധിമുട്ടുണ്ടു് എന്നും മനസ്സിലാക്കാം.

മിസ്റ്റർ എ. ഈച്ചരമേനോൻ: സ്വത്തൊക്കെ ഒരാളുടെ കയ്യിലായാൽ മറ്റുള്ളവർ എന്തുചെയ്യും?

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: ഈവക സംഗതികളൊക്കെ ഗവമ്മെൻറു് മനസിലാക്കി ഉടനെ വേണ്ട പരിഹാരം ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. M. K. Devassy *(Adur):* By the trend of the speeches made here it has become obligatory on the part of every member to make a speech to enumerate the roads and canals in his constituency. I only want to caution the Government to make a general selection.

***Mr. V. K. Aravindaksha Menon** *(Chief Engineer):* Sir, it was some time late last year that the question of this famine affected areas in the State came pointedly to the notice of the Government and several officers of the Government including myself, the Diwan Peishkar and the Hon'ble Minister, went into this question very thoroughly and found that a quick decision had to be reached. We thought that the most affected areas in the State were those surrounding the littroral tracts on the western side of the State. The definite reason for the famine was the defection of the coir industry in these areas which were supported by this industry and so we thought that the works that we had to take up immediately should be confined to those areas. Also it was fairly well accepted that the famine relief work, if it should be of any relief to the people, should be of such a character that they will not necessitate land acquisition charges, purchase of foreign articles like cement and iron etc., and so the works naturally ought to be those which predominate in earth-work. Similarly we selected works from one end to another, from Chellanam up to Cranganur and Chennamangalam, to the extent of Rs. 3,000 and they were immediately started. Of course, I do not dispute the contention that there is a general sort of famine prevailing in the

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

whole State and perhaps in the whole of India in the same manner. But in these areas there are at present no roads or any large programme of building construction. The Public Works Department were not really spending money annually in these areas. That was another reason why we took up these areas for concentrating on famine relief works. In the other areas of the State, in Trichur and Mukundapuram Taluks, the Public Works Department were spending large sums of money on road maintenance which are distributed almost evenly along the entire area of those Taluks and I am sorry to say that almost all the famine relief works are nearing completion and it is certainly necessary that we should find out other works which may be taken up in these areas. As regards certain works which the hon'ble member referred to, I may say that they are very few indeed. There is one road in Veliyanad. But the estimates of those works are ready. The land acquisition proceedings are going on. It is a very small road and will be completed by the end of the year as per programme. Another subject which came in for some criticism was the construction of a bridge at Karanchira without a road. I may say that at the time of the construction of the bridge it was not the intention to put up a P.W.D. road as there was a Panchayat road existing in the place. So what we did actually was to connect the Panchayat road at Karanchira with another by means of a bridge. Therefore, it serves a purpose. I may admit that it is necessary to improve that road leading away from the bridge and I shall see what can be done in the matter. I may also state that there is no Government which can take up a course of public works which is intended to be a famine relief work for all time. It is not a sound policy. It has been tried by many Governments, in France, America and England. Famine relief works attempted by Government can never be a satisfactory solution for relief. It can be a temporary relief just to tide over certain crisis. It is only a question of help and not a definite solution of famine. I know, for example in the year 1920 just after the war that was a boom year for America. Everyone was happy, every factory was working to the full and men were getting good pay. But by the year 1924—25 the famine started and they started the great Tennessy Valley project. And they found out that Government attempting at famine relief work would fail. But it is very useful to tide over a crisis until people get accustomed to the altered conditions and find new means of employment. I agree with the member in thinking that there has been a definite case of inconvenience and real famine in the areas which have been depending on coir industry and we have been trying our very best to tide over that situation by providing works in those areas.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Madhava Prabhu *(Diwan Peishkar):* Sir, the resolution as it is worded seems to be rather taking in a wide field. In the course of the speeches that have been made, three aspects seem to have been emphasised. One is the aspect of temporary relief. That was attempted by the Government at the very beginning of this year and towards the end of last year. The other aspect is of permanent works of relief to render relief to get over the poverty of the people. The third is the one which was pressed before the House to carry on the works which the P. W. D. has budgetted for this year or the Road Board has taken into consideration for completion by the end of this year. So far as the tackling of the problem with respect to the first aspect, the Government have done their very best. No Government can, as the Chief Engineer said, propose to tackle a problem of this nature for the whole length of the existence of this famine or conditions of this nature. The Government can only come to the assistance of the people at the stage when suddenly their conditions change and they find themselves in difficult situations to get over the unexpected conditions in which they have been placed. I will illustrate the proposition by the example of an individual who has been the earning member of a family and who has been keeping his family in a high style of life, suddenly being taken from this world. All the members of his family who have been depending upon him for their life-suddenly find themselves in conditions in which they do not know how to adjust themselves. Nobody can assist that family for all time. The utmost that that family can expect from people outside is to go to the succour of that family for the time being and try to put it as far as possible in a condition in which they could help themselves afterwards. Similarly famine reliefs in the true sense of the word are reliefs which are intended and aimed at securing this object. That is, to enable the people who have been forced into that situation by certain unexpected circumstances like the war and the consequent disappearance of coir industry to adjust themselves afterwards to the new environments and find new avenues of work. That was what this Government did and that quite promptly. At the beginning of this year or rather towards the end of last year it was found that these littoral tracts were suddenly forced into a situation from where without any assistance from Government or from some foreign agency they could not get out successfully. The agency to which they could first look was the Government and the Government at once shouldered that responsibility and undertook as many items of relief work as they could, approached the public for philanthropic action, collected subscriptions and before the relief works could be sanctioned and could be proceeded with they came to the relief of the poor by distribution of rice. Now, in that way, by

LIBRARY ARCHIVES Kerala Legislative Assembly

tackling the problem at once and for some time afterwards they have done the very best they could under the circumstances. A Government like ours whose financial capacity is only very limited cannot be expected to do anything further and we have spent not less than Rs. 40,000 already. The table of all items of work which have been undertaken as relief works has been given in this Council on an earlier occasion. That amount comes to about Rs. 40,000. Two other items of work are also in contemplation. Now let us see what the situation in which we are is. The coir industry, though it has not come back to its original condition—it may not until the war is over and foreign markets are opened to it—has to some extent survived the situation. I found from some enquiries made in Cochin that three new coir yarn merchants have opened business in Cochin. The prices that were prevailing in Cochin so far as coir is concerned have, though not reached the level which they had reached last year, come to more than 4/5ths of those levels. Wherever I have been going on tours in these parts I have been seeing almost in every hut this coir industry prevailing. What were we doing before the factories came? The factories are an innovation which we saw in this industry during the last 15 or 20 years. Before that, coir was produced in this land and was being consumed, not of that fine quality as we have been manufacturing later. That only brought us more money. But coir was being manufactured before and coir was being consumed before. Those internal markets of India are still available and people are trying to divert their channels of export from outside India to inside India. No doubt, the prices are not of the same level as I said when the foreign markets were open. But you cannot expect to get over that situation until the war is over. People have adjusted themselves to these environments. Therefore, the necessity for carrying on these relief works which were intended merely as an assistance to get over a surprise situation has more or less ceased to exist. That has been to some extent conceded in the speeches made by the hon'ble members in support of this motion when they finally said that they will be satisfied with the carrying on of the items of work which the Government have budgetted for this year.

So far as the second aspect of it is concerned, *i.e.*, relieving of the famine conditions—the starving conditions of the people of the State—I would submit that it is a world-wide problem. It is not a problem which is confined to this State only. It is not a thing which has arisen out of any special conditions in this State. It is not possible for the Government, as the Chief Engineer stated, to tackle problems of this nature. It depends upon the problem of unemployment. If any Government can solve the problem of unemployment successfully,

LIBRARY ARCHIVES Kerala Legislative Assembly

then we also will be able to solve it; not until then. The other remedies are a kind of patch-work which will not be of much use. Finally as regards the last aspect, *viz.*, that the mover himself will be satisfied if the items of the work which have been sanctioned by the Road Board and which are budgetted for this year are undertaken this year, I can say this much and that is that a large number of these are in the course of being worked out. Land acquisition is in progress in many of these cases. The Kattur Road, of which my friend Mr. Achyuta Menon spoke, I think, is reaching the final stage of land acquisition. Another road was mentioned, in the southern parts of Cochin Kanayannur Taluk. We are also reaching more or less the final stage in that and before the end of this year the road work will be taken up. If we are not able to complete them all, it will be on account of the vastness of those works; but sure as anything they will certainly be taken up this year. This is the position so far as the Government are concerned.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, എന്റെ പ്രമേയത്തെ സംബന്ധിച്ചു പറഞ്ഞ സംഗതികളുടെ സ്വഭാവം മനസ്സിലായി. അതുകൊണ്ടു് അധികം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. തെക്കൻ താലൂക്കുകളിൽ ക്ഷാമനിവാരണത്തിന്നായിട്ടു അധികം പണം ചിലവാക്കുന്നു എന്ന പരാതി ഞാൻ പറഞ്ഞതായി മിസ്റ്റർ പീറർ പറയുകയുണ്ടായി. തെക്കൻ താലൂക്കുകളിൽ കൂടുതൽ ക്ഷാമം ബാധിച്ചിട്ടുണ്ടെന്നു സംഗതി ഞാൻ സമ്മതിച്ചു് ഇവിടെ പറഞ്ഞിരിക്കുന്നു. ചകിരി വ്യവസായം കൊണ്ടു ജീവിച്ചിരുന്നവരാണു് ഈ ക്ഷാമംകൊണ്ടു് അധികം കഷ്ടപ്പെടുന്നതു്. അതു് ഇവിടെമാത്രമല്ല മറ്റു പലപ്രദേശങ്ങളിലും ഇതുകൊണ്ടു ജീവിച്ചിരുന്നവരുണ്ടു്. അവക്കും ഏറക്കുറെ ഇവിടെ ചെയ്യുന്നപോലെയുള്ള ക്ഷാമനിവാരണ പണികളും ചെയ്തുകൊടുക്കണമെന്നാണു് ഞാൻ നിയമസഭയോടു് ആവശ്യപ്പെടുന്നതു്. പക്ഷെ അദ്ദേഹം അതു തെറ്റിധരിച്ചു. ഏതാനും സംഖ്യ ക്ഷാമനിവാരണത്തിന്നായി ചിലവു ചെയ്യുവാൻ ഇടവന്നിട്ടുള്ളതു് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ പെട്ട അണ്ടിക്കടവു്, ചെല്ലാനം മുതലായ പ്രദേശങ്ങളിലാണു്. അതുകൊണ്ടാണൊ അ പ്രദേശങ്ങളിലെ ജനങ്ങൾക്കു് ഡിസൻറ്റി ബാധിച്ചതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കുറെക്കാലം തീറ്റയില്ലാതെ പട്ടിണികിടന്നു കുറെ സംഖ്യ കിട്ടിയപ്പോൾ തീറ്റ അധികരിച്ചതുകൊണ്ടാണു് ഡിസൻറ്റി ബാധിച്ചതെന്നാണു എനിക്കു തോന്നുന്നതു്. ഡിസൻറ്റി, ഞാൻ ഒരു ഡാക്ടർ അല്ലെങ്കിലും, ഒരു പകർച്ചരോഗമാണെന്നും അതു് ഒരാൾക്കു വന്നാൽ സൂക്ഷിച്ചില്ലെങ്കിൽ മറ്റുള്ളവർക്കും ബാധിച്ചേക്കുമെന്നും അദ്ദേഹമൊന്നു മനസ്സിലാക്കിയാൽ കൊള്ളാം. "സിറം" തിന്നതുകൊണ്ടു് അദ്ദേഹം വ്യസനിക്കേണ്ട. അതു ഇനിയും കിട്ടും. ഞാൻ ആവശ്യപ്പെടുന്നതു് കുമ്പളങ്ങി, അണ്ടിക്കടവു്, ചെല്ലാനം മുതലായ പ്രദേശങ്ങളിൽ ചെയ്യുന്നപോലെയുള്ള ക്ഷാമനിവാരണ പണികളും ക്ഷാമം ബാധിച്ചിട്ടുള്ള മറ്റു പ്രദേശങ്ങളിലും ചെയ്യണമെന്നുള്ളതാണു്.

മരത്താക്കര ഡൈവർഷൻ സ്കീം നടപ്പാക്കിയാൽ വളരെ ആളുകൾക്കു ക്ഷാമനിവാരണമാകുന്നതാണു്. അതുകൊണ്ടു് ആ പണി നടത്തണമെന്നാണു് ഞാൻ പറയുന്നതു്. അതിന്നു പണമില്ലെങ്കിൽ ഒരു സപ്ലിമെൻറ്റി ഗ്രാൻറ് ഗവർമ്മെണ്ടു കൊണ്ടുവന്നാൽ ഞങ്ങൾ അതു പാസ്സാക്കിതരാം. ബഡ്ജറിലുള്ള സംഖ്യയേക്കാളും

LIBRARY ARCHIVES Kerala Legislative Assembly

വലിയ സംഖ്യ സപ്ലിമെൻററി ഗ്രാൻറായി പാസാക്കുന്ന ഒരു ഏർപ്പാടാണ് ഇവിടെ നടന്നു വരുന്നതു്. ഈ പണി ഒരു ഫാമിൻ റിലീഫ്വക്കായി ചെയ്യുവാൻ ഒരു വായി ഗവമ്മെണ്ടു് ആലോചിക്കണം. ഗവമ്മേണ്ടിൽ നിന്നു കുറെ അനുഭാവപൂർവ്വമായ ഒരു മറുപടി ഈ കാര്യത്തിൽ കിട്ടിയതുകൊണ്ടു് ഞാൻ ഈ പ്രമേയം പ്രസ്സുചെയ്യണമെന്നു വിചാരിക്കുന്നില്ല. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ഗവമ്മെണ്ടു് ആലോചിച്ചു ഉടനെ പ്രവൃത്തിക്കണമെന്നു അപേക്ഷയോടു കൂടി ഞാൻ എൻറെ ഈ പ്രമേയത്തെ നിയമസഭയുടെ അനുമതി പ്രതീക്ഷിച്ചുകൊണ്ടു പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

7. Prohibition of the import of uncouponed rubber into India

Mr. V. J. Mathai *(Planters):* Sir, I wish to make some amendments to the resolution.

Deputy President: You may move the resolution in the amended form.

Mr. V. J. Mathai *(Planters):* The amended resolution runs thus.—

"This Council recommends to the Government to spare no efforts in securing the prohibition of the import of uncouponed rubber into India and that as a last resort free imports may be so regulated that the price of internal consumption of rubber may be maintained by such a regulation at a fair level and remunerative even to the small producer whose cost of production is four annas per pound."

Sir, I beg leave of the House to move the resolution in the amended form as a result of the correspondence which I had with the Controller, Indian Rubber Licensing Committee. I suppose that expresses the consolidated opinion of all those who are interested in rubber. By way of preface I may say that this is a question which is not only important to the rubber grower but to the several thousands of labourers who are working in rubber estates. And coming as it does after resolution No. 6 I may assure the House that in fact the rubber industry is removing the distress of unemployment from among a large section of the population.

Having said these few words by way of preface I want to make it clear that, since this very same subject has come up before the House twice before, and since it has received the acceptance of the House as well as of the Government, it is unnecessary on my part now to make a lengthy speech on this matter at all. Suffice it to say, that so far as India is concerned we are not allowed to export even a pound of rubber outside India. Till a few days back rubber

LIBRARY ARCHIVES Kerala Legislative Assembly